(ബി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VIII ചട്ടം 7 എ പ്രകാര മാണ് കന്നഡ മീഡിയം സ്കൂളുകളിൽ മലയാളം പ്രത്യേക ഡിവിഷൻ അനു വദിക്കുന്നത്. കെ.ഇ.ആർ. അദ്ധ്യായം VIII ചട്ടം 7എ പ്രകാരം തമിഴ്/കന്നഡ ഭൂരിപക്ഷ മേഖലയിൽ പ്രത്യേകമായി മലയാളം മീഡിയം ഡിവിഷൻ അനുവദി ക്കുന്നതിന് പ്രൈമറി സ്കൂളിൽ കുറഞ്ഞത് 10 കുട്ടികൾ ഉണ്ടായിരിക്കണമെന്നും ഹൈസ്ക്കൂളിൽ കുറഞ്ഞത് 15 കുട്ടികൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നത് കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരമാണ്. അധിക തസ്തിക സൃഷ്ടിക്കുവാനോ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുവാനോ പാടില്ല എന്ന വ്യവസ്ഥയിലാണ് സമാന്തര ഡിവിഷനുകൾ അനുവദിക്കുന്നത്.

സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ തുടങ്ങാൻ നടപടി

23 (5155) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും കൂടുതൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ തുടങ്ങാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരണം സി.ബി.എസ്.ഇ. യുടെതിനു തുല്യമാക്കുമോ ;

(സി) മെഡിക്കൽ എഞ്ചിനീയറിംഗ് അഡ്മിഷന് സീറ്റുകൾക്ക് ആനുപാ തികമായി സ്പോർട്സ് ക്വാട്ട വർദ്ധിപ്പിക്കുമോ ; ഇല്ല എങ്കിൽ എന്താണ് തടസ്സം ?

ഉത്തരം

(എ) ബന്ധപ്പെട്ട സ്ക്കൂളുകളിൽ നിന്ന് ഉയർന്നുവരുന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഇംഗ്ലീഷ് മീഡിയം ക്ളാസ്സുകൾ ആരംഭിക്കാൻ അനുമതി നൽകാവുന്നതാണ്.

(ബി) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ന്റെ അടിസ്ഥാനത്തിലാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 തയ്യാറാക്കിയത്. സ്ക്കൂൾ പാഠ്യപദ്ധതി ഇതിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly